KOTTAYAM PUBLIC LIBRARY

Call No M05 Acc. No 21510

Author [illegible]

[illegible]

1923

Title [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**



# വരാപ്പുഴപ്പള്ളി

ചരിത്രസംക്ഷേപം.

വരാപ്പുഴ പുതിയ പള്ളിയുടെ ആശീർവ്വാദകർമ്മ
സ്മാരകമായി ൧൯൨൩ മേയിമാസം ൧൩-ാംനു
പ്രസിദ്ധീകരിക്കപ്പെട്ടതു്.

I. S. PRESS—ERNAKULAM.

1923

M05

Nihil Obstat

Fr. George Kurz Censor

---


Imprimatur

Fr. Dominic C. D.

*Vic. Gen.*

*Archdiocese of Verapoly,*

Ernakulam
27th April, 1923.



പുതിയപള്ളി മുഖപ്പിൻെറ പ്ലാൻ



വരാപ്പുഴ പുതിയപള്ളി.

# വരാപ്പുഴപ്പള്ളി

വരാപ്പുഴയിൽ ഒരു നൂതന ദേവാലയത്തിൻെറ പ്രതിഷ്ഠ കഴിഞ്ഞിരിക്കുന്ന ഠരം സന്ദർഭം കത്തോലിക്കർക്കെല്ലാം എത്രയൊ ആനന്ദപ്രദമായ ഒന്നാണ്.

ത്രേസ്യാപുണ്യവതി, താൻ സ്ഥാപിച്ച ഒരു കന്യകാമഠത്തിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചു വെച്ചതു കണ്ടപ്പോൾ, ആനന്ദ പരവശയായെന്നു ചരിത്രത്തിൽ നാം വായിക്കുന്നു. നാം കർത്താവിനെ ആരാധിക്കുന്നതും ഠരംശോമിശിഹാ നമ്മോടു സംസർഗ്ഗം ചെയ്യുന്നതും നമ്മുടെ ഭക്തി സ്നേഹങ്ങളുടെ പ്രേരണപോലെ എത്രതവണ വേണമെങ്കിലും നമുക്കു അങ്ങെയെ സന്ദർശിക്കാവുന്നതുമായ സ്ഥലം—ഒരു ദേവാലയം—ഉണ്ടാകുന്നതു്, എത്ര വലിയ ഒരു അനുഗ്രഹമാണെന്നു സ്വർഗ്ഗത്തിൽ ചെന്നു ചേരുന്നതുവരെ നമുക്കാർക്കും വേണ്ടുംവണ്ണം മനസ്സിലാകയില്ല. ആകയാൽ വരാപ്പുഴ എടവകക്കാർ ദൈവത്തിന്നു കൃതജ്ഞതാസ്തോത്രം ചെയ്യട്ടെ; എന്തുകൊണ്ടെന്നാൽ പഴയപള്ളി വീണുപോകാൻ ദൈവം അനുവദിച്ചു എങ്കിലും അങ്ങേ കരുണാതിരേകത്താലും മനോഗുണത്താലും അതിലും കുറേക്കൂടെ നല്ല ഒരു ദേവാലയം ആ സ്ഥാനത്തു അവർ കാണുന്നുവല്ലൊ.

യെരുസ്ലേമിൽ ശ്ലേമോൻ പണിയിപ്പിച്ച ദേവാലയത്തേക്കാൾ വളരെ മോശമാണ്, അവിടെ രണ്ടാമതു പണിയിക്കപ്പെട്ട പള്ളിയെന്നു പണ്ടു് യൂദന്മാർ ആവലാധിപ്പെടുകയുണ്ടായി. എന്നാൽ രണ്ടാമത്തെ ദേവാലയത്തിൽ മിശിഹാ പ്രവേശിക്കുന്നതാകയാൽ അതിന്നു യോഗ്യത കൂടുമെന്നു ദൈവം തൻെറ ദീർഘദർശികൾ മുഖാ

ന്തരം അവരെ അറിയിച്ച് ആശ്വസിപ്പിച്ചു. വരാപ്പുഴയിലെ സ്ഥിതി വേറെയാണ്. സദാ വർദ്ധിച്ചുകൊണ്ടിരുന്ന ജനങ്ങളുടെ ആവശ്യം അനുസരിച്ച് കുറേശ്ശെകുറേശ്ശെ വലുതാക്കിവന്ന ഒരു പാവപ്പെട്ട പഴയ പള്ളിയാണു വരാപ്പുഴെയുണ്ടായിരുന്നത്. അവിടെയുള്ള തൻെറ വാത്സല്യ മക്കളോടൊന്നിച്ചു വസിക്കാൻ കുറേക്കൂടി വിശാലമായതും യോഗ്യതയുള്ളതുമായ ഒരു ഭവനം ഉണ്ടാകണമെന്നു കർത്താവു ആഗ്രഹിച്ചു. ഇതാ, അങ്ങിനെയുള്ള ഒരു ദേവാലയം ഉണ്ടായിരിക്കുന്നു. ഇവിടെയാണു നമ്മുടെ പൂർവ്വന്മാർ പ്രാർത്ഥിച്ചതു്; ഇവിടെവെച്ചു നമുക്കും പ്രാർത്ഥിക്കാം ഇവിടെവെച്ചു നമ്മുടെ പൂർവ്വന്മാർ നമുക്കുവേണ്ടി പ്രാർത്ഥിച്ചു; ഇവിടെ വെച്ചുതന്നെ അവർക്കുവേണ്ടി നമുക്കും പ്രാർത്ഥിക്കാം.

## വരാപ്പുഴപ്പള്ളിയുടെ ചരിത്ര സംക്ഷേപം.

1656-ൽ ഏഴാം അലക്സാണ്ടർ മാർപ്പാപ്പാ നാലു കർമ്മലീത്താ മിഷ്യനറിമാരെ കേരളത്തിലേക്കു അയച്ചു. ഫാദർ ജോസഫ് സെബസ്ത്യാനി ആയിരുന്നു അവരുടെ നേതാവ്. ആ കാലത്ത് കപ്പൽ യാത്ര ഇപ്പോഴത്തെപ്പോലെ സുകരമൊ സുഖകരമൊ ആയിരുന്നില്ല. ആ സാധുക്കളായ അച്ചന്മാർ നിരവധി യാത്രാക്ലേശങ്ങൾ സഹിച്ചും പല ആപത്തുകളെ ജയിച്ചും ഒരു കൊല്ലംകൊണ്ടാണ് കേരളത്തിൽ എത്തിയതു്. ആത്മാവുകളുടെ നിത്യരക്ഷയിൽ അവർക്കുണ്ടായിരുന്ന ശുഷ്കാന്തിയും വന്ദ്യനായ ഫാദർ ജോസഫിൻെറ ഭക്തിതീക്ഷ്ണങ്ങളായ ആലോചനകളും സംഭാഷണങ്ങളുംമാത്രമാണ് അവരുടെ കപ്പൽ യാത്രയെ ആനന്ദപ്രദമാക്കിത്തീർത്തതു്.

അവർ കേരളത്തിൽ എത്തിയതിൻെറശേഷം കുറേക്കാലത്തേക്കു സുറിയാനിക്കാരുടേയും പോർട്ടുഗീസ്കാരുടേയും ദേവാലയങ്ങളെക്കുറിച്ചു മാത്രമെ മുഖ്യമായി ശ്രദ്ധിച്ചുള്ളു. എല്ലായിടത്തും ജന

ങ്ങൾ അവരെ സ്നേഹാദരപൂർവ്വം സ്വീകരിച്ചു. അവരുടെ പ്രയത്നരംഗങ്ങളായ സ്ഥലങ്ങളിൽ അവർ മുഖാന്തരമുണ്ടായ നന്മകൾ വിവരിച്ചു പറയാൻ അസാദ്ധ്യം.

ഡച്ചുകാർ, കൊച്ചിയേയും പോർട്ടുഗീസ്സുകാരുടെ അധീനമായിരുന്ന മററു രാജ്യാംശങ്ങളേയും കരസ്ഥമാക്കിയതുവരെ മേൽപ്പറഞ്ഞ കർമ്മലീത്താ മിഷ്യനറിമാർ പള്ളികൾതോറും ചുററി നടന്നു പ്രസംഗിച്ചു വന്നതുകൊണ്ടായിരിക്കാം, അവർ ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തു താമസം ഉറപ്പിക്കുകയൊ സ്വന്തം പള്ളിപണിയിപ്പിക്കുകയൊ ചെയ്യാഞ്ഞതു്. ഡച്ചുകാർ മതഭ്രാന്തിയുള്ള പ്രോട്ടസ്റ്റാണ്ടുകാരായിരുന്നതിനാൽ അവർ കത്തോലിക്കർക്കു — പ്രത്യേകം മിഷ്യനറിമാർക്കു — ഓരോ വിഷമങ്ങളും വിഘ്നങ്ങളും ഉണ്ടാക്കുവാൻ തുടങ്ങി. ഇങ്ങിനെയിരിക്കുമ്പോഴാണു് മിഷ്യൻെറ മേലധികാരിയായി ഫാദർ മത്തേവൂസിനെ ആക്കിക്കൊണ്ടു് ഫാദർ ജോസഫ് സെബസ്ത്യാനി യൂറോപ്പിലേക്കു മടങ്ങേണ്ടിവന്നതു്.

ഠരം ഫാദർ മത്തേവൂസ് ഒരു വലിയ വിദ്വാനായിരുന്നു. ഹെൻറിക്കു് അദ്രിയാൻ, വാൻറീഡ് എന്നു പേരായ അന്നത്തെ ഡച്ചു ഗവണ്ണർക്കു് സാമാന്യത്തിലധികം താല്പര്യമുണ്ടായിരുന്ന സസ്യശാസ്ത്രത്തിലും മത്തേവൂസ് അച്ചന്നു പരിജ്ഞാനമുണ്ടായിരുന്നു. ഇദ്ദേഹത്തിൻെറ സൌശീല്യവും സുമര്യാദകളും നിമിത്തം ഇദ്ദേഹം ഡച്ചുദ്യോഗസ്ഥന്മാരുടെ സ്നേഹ ബഹുമാനങ്ങൾക്കു ക്രമേണ പാത്രീഭവിക്കുകയും ചാത്യാത്തു് ഒരു പള്ളി പണിയിക്കുവാൻ ഡച്ചു ഗവണ്ണർ ഇദ്ദേഹത്തിന്നു അനുമതി നൽകുകയും ചെയ്തു. പണ്ഡിതവര്യനായ ഠരം മിഷ്യനറി ഇതുകൊണ്ടു തൃപ്തിപ്പെട്ടില്ല. നാനാഭാഗങ്ങളിലുമുള്ള കൃസ്ത്യാനികൾക്കു ഒരുമിച്ചുകൂടി കർമ്മാനുഷ്ഠാനങ്ങൾ കഴിക്കാൻ ഇതിലും നല്ല ഒരു കേന്ദ്രസ്ഥലം ആവശ്യമായിരുന്നു. ആ കാലത്തും അതിൽ പിന്നെ വളരെ കാലത്തേയ്ക്കും അതിന്നു പററിയ ഒരു കേന്ദ്രസ്ഥാനം വരാപ്പുഴ തന്നെയായിരു

ന്നു. എന്നാൽ അവിടെ ഒരു ദേവാലയം സ്ഥാപിക്കാൻ അനുവാദം കിട്ടുന്നകാര്യം എളുപ്പമായിരുന്നില്ല. ഭക്തനായ ഠരം മിഷ്യനറിക്ക് അതൊരു പ്രയാസമാണു് ജയിക്കുവാനുണ്ടായിരുന്നതു്. ആ കാര്യ സാദ്ധ്യത്തിന്നായി അദ്ദേഹം ഒരു മാർഗ്ഗം കണ്ടുപിടിച്ചു. സസ്യശാസ്ത്രത്തിൽ ഡച്ചു ഗവർണ്ണർക്ക് വളരെ പ്രതിപത്തിയുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഒരു സസ്യശാസ്ത്ര ഗ്രന്ഥമെഴുതി ഗവർണ്ണർക്കു സമർപ്പിച്ചാൽ പക്ഷെ വരാപ്പുഴെ ഒരു പള്ളി പണിയിക്കാൻ അദ്ദേഹം അനുമതി നൽകിയേക്കുമെന്നു ഫാദർ മത്തേവൂസ് വിചാരിച്ചു. ഠരം ആഗ്രഹത്താൽ പ്രേരിതനായിട്ടു്, "ഹോർത്തുസ് മലബാറിക്കൂസ്" (കേരളീയോദ്യാനം) എന്ന ഗ്രന്ഥമെഴുതുന്ന ദുഷ്ക്കരമായ പരിശ്രമം അദ്ദേഹം ആരംഭിച്ചു. ഒമ്പതു വാല്യങ്ങളായി എഴുതിത്തീർത്ത പ്രസ്തുത ഗ്രന്ഥം ആ തരത്തിലുള്ള ഗ്രന്ഥങ്ങളിൽവെച്ചു് അഗ്രഗണ്യമാണു. അതു കൊച്ചിയിലെ അഞ്ചാമത്തെ ഡച്ചു ഗർണ്ണരായ ഹെൻറിക്ക് അഡ്രിയാൻ വാൻറീഡ് അവർകൾക്കു സമർപ്പിക്കപ്പെട്ടുകയും ചെയ്തിരിക്കുന്നു. (1)

ഈ കൃതി ഗവർണ്ണരെ അത്യന്തം രസിപ്പിച്ചതിനാൽ തൻെറ കൃതജ്ഞതയുടെ ലക്ഷ്യമായി വരാപ്പുഴേ ഒരു പള്ളി പണിയിച്ചു കൊള്ളുവാൻ അദ്ദേഹം അനുവദിച്ചു. ഈ അനുവാദത്തിൻെറ ശാശ്വത സാക്ഷ്യമായി നൽകപ്പെട്ട പതിനൊന്നു ഇഞ്ചു നീളവും ഒന്നര ഇഞ്ചു വീതിയുമുള്ള ഒരു ചെമ്പേട് വരാപ്പുഴ റിക്കാർട്ട് മുറിയിൽ ഇപ്പോഴുമിരിപ്പുണ്ടു്. പഴയ മലയാളാക്ഷരവടിവിൽ അതിന്മേൽ കൊത്തിയിട്ടുള്ള വാചകം താഴെ വരും പ്രകാരമാണു്:—

---

(1) ഇതു ഹോളണ്ടിൻെറ തലസ്ഥാനമായ അംസ്റ്റർഡാം നഗരത്തിൽ (1670--1683) അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടു. റോമയിൽ വിശുദ്ധ പംക്രാസിയൂസിൻെറ ആശ്രമത്തിലുള്ള കർമ്മലീത്താക്കാരുടെ ഗ്രന്ഥശാലയിൽ വെച്ചു വിശുദ്ധ ബർത്തലോമയുടെ ഫാദർ പൌളിൻ സി ഡി. അവർകൾ ഇതിൻെറ കരലിഖിതം കണ്ടതായി പറഞ്ഞിരിക്കുന്നു.

വരാപ്പുഴ പള്ളി വയ്ക്കാൻ ഡച്ചു ഗവർണ്ണർ അനുവദിച്ചെഴുതിക്കൊടുത്ത

# ചെമ്പേട്



മേല്ക്കാണുന്ന ചെമ്പേട്ടിലുള്ള വാചകം.

---

" കൊച്ചിയിൽ കൊട്ടക്കും അടങ്ങിയ കൊട്ടപ്പടികൾക്കും കത്തനായിരിക്കുന്ന കുമദൊർ എഴുത്ത എന്നാൽ പ്രെ മത്തെസ കമ്മലീത്ത പാതിരിക്ക ബരാപ്പുഷ അലച്ചാന്ത്രിടെ വീട്ടിന്റെ ചെരെ ഉള്ള കുന്നും പുറത്ത ഒരു പള്ളി വെച്ചു കൊള്ളുമാറു തക്കവെണ്ണം നാം സമ്മദിച്ച ഠരം സാധനവും തന്നു. എന്നാൽ ഈ വെണ്ണം കല്പിച്ച എഴുതിയമൈക്ക നൊവെമ്പുരു മാസം 17 നു 1673 മത കൊച്ചിയിൽ കൊട്ടയിൽ എഴിത്ത. "

"കൊച്ചിയിൽ കൊട്ടക്കും അടങ്ങിയ കൊട്ടപ്പടികൾക്കും കത്തനായിരിക്കുന്ന കുമദൊർ എഴുത്ത എന്നാൽ പ്രെമത്തെസ കമ്മലീത്ത പാതിരിക്ക ബരാപ്പുഷ അലച്ചാന്ത്രിടെ വീട്ടിന്റെ ചെരെ ഉള്ള കുന്നും പുറത്ത ഒരു പള്ളി വെച്ചു കൊള്ളുമാറു തക്കവെണ്ണും നാം സമ്മദിച്ചു ൟ സാധനവും തന്നു. എന്നാൽ ൟ വെണ്ണും കല്പിച്ചു എഴുതിയമൈക്ക നൊവെമ്പ്രുമാസം 17നു 1673മത കൊച്ചിയിൽ കൊട്ടയിൽ എഴിത്ത."


ഡച്ചു ഗവർണ്ണരുടെ മേല്ക്കാണിച്ച വിധത്തിലുള്ള കല്പന പള്ളിപണിയിക്കാൻ അവശ്യാവശ്യമായിരുന്നു എങ്കിലും വരാപ്പുഴയെ സംബന്ധിച്ചേടത്തോളം അതുമാത്രം മതിയാകുമായിരുന്നില്ല. അവിടത്തെ ഇടപ്രഭുവായിരുന്ന രാമൻ കുമരക്കയ്മൾ തടസ്ഥം പറഞ്ഞാൽ ഡച്ചു ഗവർണ്ണരുടെ അനുമതികൊണ്ടു എന്താണു പ്രയോജനം? എന്നാൽ പള്ളിവയ്ക്കുന്ന കാര്യത്തിൽ കയ്മൾ വിരോധിച്ചില്ലെന്നു മാത്രമല്ല, വാൻറീഡിന്റെ അനുമതി സിദ്ധിക്കുന്നതിന്നു ഏകദേശം ഒരുമാസംമുമ്പുതന്നെ അതിന്നുവേണ്ട അനുവാദം രേഖാമൂലമായി അദ്ദേഹം കൊടുത്തിട്ടുമുണ്ടായിരുന്നു എന്നു കാണുന്നു. ൟ കയ്മൾ എഴുതിക്കൊടുത്ത ചേപ്പേട്ടാധാരത്തിന്റെ പകർപ്പാണു താഴേ ചേർത്തിരിക്കുന്നതു്;

"രാമൻകുമാരൻ തീട്ടു നമുക്കുള്ള വരാപ്പുഴെ ദെശത്ത താക്കരശ്ശെരി പറമ്പിന്നു അതിര കിഴക്കു പുഴക്കും പടിഞ്ഞാട്ട അതിര തെക്കെ മുണ്ടഞ്ചെരി പറമ്പിന്നും വടക്കെ അതുക്കും വടക്കൊട്ട അതിര പടിഞ്ഞാറ മരാം പറമ്പിന്നും കിഴക്കെ അതുക്കും കിഴക്കൊട്ട അതിര വടക്കു മണിയുന്നൂർ പറമ്പിന്നും തെക്കെ അതുക്കു തെക്കൊട്ട ഇന്നാലതുക്കകത്ത അകപ്പെട്ടപറമ്പിൽ പള്ളിവയ്പാൻ എഴുതികൊടുത്തിത രാമക്കുമാരകയ്മൾ അമ്മാക്കമൈ രാമകുമാരകയ്മളതങ്ങൾക്കുള്ള വരാപ്പുഴദെശത്ത താക്കരശെരി പറമ്പിന്നു അതിര കിഴക്ക കിഴക്കെ പുഴക്കും പടിഞ്ഞാട്ട അതിര തെക്കെ മുണ്ടഞ്ചെ

ത്തി പറമ്പിന്നും വടക്കെ അതൃക്ക വടക്കൊട്ട അതിര പടിഞ്ഞാറു മാരാപറമ്പിന്നും കിഴക്കെ അതൃക്കും കിഴക്കൊട്ട അതിര വടക്ക മണ്ണയന്ത്ര പറമ്പിന്നും തെക്കെ അതൃക്ക തെക്കൊട്ട ഇന്നാലതൃക്കകത്ത അകപ്പെട്ട പറമ്പ പള്ളി വയ്പാൻ തക്കവണ്ണം കല്പിച്ച തീട്ടം എഴുതിച്ച കൊണ്ടാൻ കമ്മലീത്താ ദശ്നത്തിൽ പ്രെ. മത്തെവൂസപാദ്രി ഇമ്മാക്കമെ ഇന്നാലതൃക്കകം അട്ടിപ്പെറായിട്ട ഒരുത്തരാലും ഒരു ശൊദ്ധ്യവും ഇല്ലാത്തവണ്ണം തീട്ടം എഴുതിച്ചകൊണ്ടാൻ പ്രെമത്തെവൂസപാദ്രി ഇപ്പരിശെകൊല്ലം 849-ാമത തുലാഞ്ഞായററിൽ ഇത ആലപ്പാട്ട."

ഇങ്ങിനെ പള്ളിവയ്ക്കാൻ വേണ്ട അനുവാദങ്ങളെല്ലാം കിട്ടി കഴിഞ്ഞ സ്ഥിതിക്ക്, അന്ന്, അനേകം ചതുരശ്രനാഴിക വിസ്തീർണ്ണത്തിലുള്ള പ്രദേശങ്ങളിൽ ചിന്നിച്ചിതറി താമസിച്ചിരുന്ന ക്രിസ്ത്യാനികളുടെ ആവശ്യത്തിന്നു മതിയാകുന്നിടത്തോളം വലിയ ഒരു പള്ളി ആ നല്ല മിഷ്യനറി പണിയിപ്പിച്ചിരിക്കണമെന്നാണല്ലോ നാം ഊഹിക്കേണ്ടതു്. എന്നാൽ ഇപ്പോൾ കൈവശമുള്ള റിക്കാർട്ടുകൾ പരിശോധിച്ചതിൽ, ഒന്നുകിൽ ആ പള്ളി, അന്നുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ ആവശ്യത്തിന്നു വേണ്ടിടത്തോളം വലിപ്പമുള്ളതായിരുന്നില്ല എന്നൊ അല്ലെങ്കിൽ അന്നു അധികം ക്രിസ്ത്യാനികൾ ആ പ്രദേശങ്ങളിൽ ഉണ്ടായിരുന്നില്ലെന്നൊ അനുമാനിക്കേണ്ടിവരുന്നു. അന്നുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ ആവശ്യത്തിന്നു പററിയ ഒരു പള്ളിയല്ല പണിയിപ്പിച്ചതെന്നു വിചാരിക്കാൻ ന്യായമില്ലല്ലൊ. വാസ്തവം പറഞ്ഞാൽ ആദ്യം പണിയിച്ചപള്ളി, പഴയവരാപ്പുഴപള്ളിയുടെ മദ്ധ്യത്തിൽ ചുററും തൂണുകളോടുകൂടി കാണ്മാനുണ്ടായിരുന്ന വൃത്താകാരാംശം മാത്രമായിരുന്നു. ഇതാണു മൂന്നുകൊല്ലം മുമ്പു വീണുപോയതു്. ൟ പഴയപള്ളി റോമയിലെ വിശുദ്ധ പത്രോസിൻെറ ശവകുടീരാലയത്തിൻെറ ഒരു ഹ്രസ്വഭാഷയിലുള്ളതായിരുന്നു. മദ്ധ്യം വൃ

21510



പഴയ പള്ളിയുടെ അടിസ്ഥാന പ്ലാൻ



പഴയ പള്ളിയുടെ മുഖപ്പ്

ത്താകാരമായും അവിടെനിന്നു അൾത്താരയുടെയും മുഖവാരത്തിലുള്ള വാതിലിൻെറയും ഭാഗങ്ങളിലേയ്ക്കു നീട്ടിക്കെട്ടായിട്ടുമായിരുന്നല്ലൊ അതിൻെറ പണി. ആകെ 60 അടി നീളവും 38 അടി വീതിയുമാണു അതിന്നുണ്ടായിരുന്നതു്. പരിശുദ്ധ കുർബാനയുടെ പഴയ അൾത്താരയും അതിന്നു നേരെ തെക്കുവശത്തുണ്ടായിരുന്ന അൾത്താരയും ആദിമ ദേവാലയത്തോടൊന്നിച്ചു പണിയിച്ചതാണൊ എന്നു നിശ്ചയമില്ല; അല്ലെന്നാണു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ അവയുടെ അസ്തിവാരവും മേൽക്കൂട്ടുകളും വെവ്വേറെ തരത്തിലായിരുന്നു. അവ ആദിമദേവാലയത്തിൻെറ അംശങ്ങളായിരുന്നു എന്നിരുന്നാൽക്കൂടെയും ആദ്യം നന്നാ ചെറുതായിരുന്നു എന്നും കാലാന്തരത്തിൽ ആവശ്യമനുസരിച്ചു വലുതാക്കിയിട്ടുണ്ടെന്നും വിചാരിക്കാൻ കാരണമുണ്ടു്. 1920-ൽ ഇടിഞ്ഞുവീണുപോയ പള്ളിയുടെ നീളം ഉദ്ദേശം 100 അടിയും വീതി ഏററം കുറഞ്ഞ ഭാഗത്തു് 38—ം കൂടിയഭാഗത്ത 46—ം അടിയുമായിരുന്നു. ഇനി പഴയ റിക്കാട്ടുകളിൽ പറയുന്നതെന്താണെന്നു നമുക്കു നോക്കാം.

ആദ്യത്തെ പള്ളിക്കു സാധാരണമട്ടിലുള്ള ഒരു മുഖപ്പു മാത്രമേയുണ്ടായിരുന്നുള്ളൂ. നമ്മുടെ കാലംവരെ നിലനിന്ന വിശേഷമാതിരി മുഖപ്പു്, 1739-ാമാണ്ടിൽ ജോൺബപ്റ്റിസ്റ്റ മൾത്തേദി എന്ന മെത്രാൻ പണിയിപ്പിച്ചതാണെന്നു അതിന്മേൽതന്നെയുണ്ടായിരുന്ന ശിലാലിഖിതത്തിൽ കാണുന്നുണ്ടല്ലൊ. പക്ഷെ പ്രസ്തുത പള്ളിയുടെ പാർശ്വഭാഗത്തെ കപ്പേളകളും ൟ കാലത്തുതന്നെ ആയിരിക്കാം പണിയിച്ചതു്.

അനന്തരം എഴുപതു സംവത്സരങ്ങളുടെ ശേഷം ൟ പള്ളിക്കെട്ടിടത്തിന്നു വീണ്ടും ചില പരിഷ്കാരങ്ങൾ വരുത്തിയതായി റിക്കാർട്ടുകളിൽ പറഞ്ഞിട്ടുണ്ടു്. ഫാദർ മത്തേവൂസ് പണിയിച്ച താഴിക വീണുപോയതിനാൽ 1801-ൽ മുമ്പിലത്തേക്കാൾ ഉയരവും

വിസ്താരവുമുള്ള വേറൊരു താഴികപണിയിക്കപ്പെട്ടു. ഇതിൻെറ ശേഷമാണ്, മച്ചുപലകയിന്മേൽ പന്ത്രണ്ടു അപ്പോസ്തോലന്മാരുടെയും മോയസസിൻെറയും ആറോൻെറയും പടങ്ങൾ ചിത്രിച്ചു ഛായമിടുക മുതലായ അലങ്കാരപ്പണികൾ ചെയ്തതു്.


നമ്മുടെ പള്ളിയെ പരിഷ്കരിച്ച വേറൊരാൾ വിശുദ്ധ ത്രേസ്യായുടെ ഫാദർ ബെണ്ണ്ട്രീൻ അവർകളാണ്. പിന്നീടു വരാപ്പുഴ വികാരിയപ്പസ്തോലിക്കാ മെത്രാനായ ഇദ്ദേഹം ചെയ്യിപ്പിച്ച പണികളേക്കുറിച്ചു് ബി. എന്നു അക്കമിട്ടിട്ടുള്ള റിക്കാർട്ടു പുസ്തകത്തിൻെറ 23-ാം പക്ഷത്തിൽ താഴെവരുംപ്രകാരം എഴുതിയിരിക്കുന്നു: "നമ്മുടെ മിഷ്യനരിയായ വിശുദ്ധ ത്രേസ്യായുടെ ഫാദർ ബെണ്ണ്ർട്ടിൻ അവർകളാണു പുതിയ അൾത്താരയുടെയും ചിത്രങ്ങളുടെയും മററു അലങ്കാരപ്പണികളുടെയും ശില്പി. ൟ സന്ദർഭത്തിൽ വളവുമച്ചുമുഴവനും പുതുക്കി. 1835-ാമാണ്ടു ജൂൺമാസത്തിൽ ൟ പണികളെല്ലാം തീർന്നു."

മേല്പറഞ്ഞ അററകുററപ്പണികൾക്കു വളരെ പണം ചെലവായിട്ടുണ്ടായിരിക്കണം. അതു പൂർത്തിയാക്കാൻ പണമില്ലാതെ മിഷ്യനരിമാർ വളരെ ബുദ്ധിമുട്ടുകയും ചെയ്തിട്ടുണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ നിവൃത്തിയില്ലെന്നായപ്പോൾ അവർ ഇതിന്നായി പ്രൊപ്പഗാന്ത സംഘത്തോടു സഹായം അപേക്ഷിച്ചു എന്നു മേല്പറഞ്ഞ പുസ്തകത്തിൽനിന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത തിരുസ്സംഘത്തിൽനിന്നു 1834 മെയി 13-ാം നു 500 റോമൻ ക്രൌൺ എന്ന നാണയം അയച്ചുകൊടുത്തതായി കാണുന്നുണ്ടു്. "ൟ കാലത്തു്, പള്ളിയുടെ പ്രെസ്ബിട്ടരിയിൽ ഒട്ടേറെ അററകുററങ്ങൾ തീർക്കാനുണ്ടായിരുന്നു; അതിനാൽ ൟ സംഖ്യകൊണ്ടു പ്രെസ്ബിററരിയുടെ പണിയിൽ പകുതിയിലധികവും തീർത്തു" എന്നു മേല്പറഞ്ഞ രേഖയിൽ പറയപ്പെട്ടിരിക്കുന്നു.



നി. വ. ദി. ശ്രീ.

ഡോക്ടർ ബെണ്ണർദീൻ, സി. ഡി.



വന്ദ്യ ദിവ്യശ്രീ
ഫാദർ പൊലിക്കാപ്പ്, സി. ഡി.

സാക്രിസ്റ്റി (ചമയമുറി) എവിടെ ആയിരുന്നു എന്നും അതിൻെറ വലിപ്പം എന്തായിരുന്നു എന്നും മനസ്സിലാക്കാൻ ലക്ഷ്യമൊന്നും കാണുന്നില്ല. നമ്മളെല്ലാവരും കണ്ടിട്ടുള്ള ഒടുവിലത്തെ സാക്രിസ്റ്റി, കമ്മലീത്താ ഡിസ്കാൾസ്ഡ് സഭക്കാരനായ സന്ത അന്നായുടെ മൊൻസിഞ്ഞോർ പ്രാൻസിസ് സെവ്യർ അവർകൾ പണിയിപ്പിച്ചതാണെന്നു മാത്രം നമുക്കറിയാം.


കാലക്രമേണ കത്തോലിക്കരുടെ സംഖ്യ വർദ്ധിക്കുകയും വലിയ ആഘോഷദിവസങ്ങളിൽ എടവകക്കാർക്കു നില്ക്കാൻ പള്ളിയിൽ സ്ഥലംപോരാതെ വരുകയും ചെയ്തു. ആകയാൽ ഫാദർ ബെണ്ണർഡീൻ പണിയിപ്പിച്ച അൾത്താരയെ പഴയ സ്ഥിതിയിൽ തന്നെ നിൎത്തിക്കൊണ്ടു, ഫാദർ പൊലിക്കാപ്പ് സി. ഡി. അവർകൾ പള്ളിയുടെ ഇരുവശങ്ങളിലും വരാന്തപോലെയുള്ള പാർശ്വശാല കെട്ടിച്ചു പള്ളിയെ വിശാലമാക്കി. പള്ളിയുടെ വിസ്താരം കൂട്ടേണ്ട ആവശ്യം ഇങ്ങിനെ നിവൎത്തിച്ചതിനും പുറമെ, രണ്ടു ഗോപുരങ്ങൾകൂടെ അദ്ദേഹം പണിയിച്ചു മുഖവാരം മുമ്പിലത്തേക്കാൾ രമണീയമാക്കുകയും ചെയ്തു.

ഇങ്ങിനെയുള്ള കൂട്ടിക്കെട്ടുകളും അററകുററപ്പണികളും വിവിധ തരത്തിൽ ചേൎത്തിണക്കിയ പല മേൽക്കൂടുകളും വൎഷക്കാലത്തു ധാരമുറിയാതെ പെയ്തുകൊണ്ടിരുന്ന പെരുമഴയും എല്ലാംകൂടിയാണു മൂന്നു വത്സരങ്ങൾക്കു മുമ്പു ഈ പള്ളിക്കു നേരിട്ട പരിതാപകരമായ ആപത്തിന്നു സംഗതിവരുത്തിയതു്.

1920-ാം ആണ്ടിൽ വർഷം വളരെ കലശലായിരുന്നുവല്ലോ. മുഖപ്പിന്നടുത്തുള്ള തൂണുകളെ താങ്ങിനിന്നിരുന്ന മതിലിന്നു അദൃശ്യമായ ഒരു പൊട്ടുവീണിട്ടുണ്ടായിരുന്നതിൽ കൂടെ വെള്ളം ഉള്ളിൽ കടക്കുകയും ആച്ചും അതിനോടു ചേൎന്ന തൂണുകളും കുതിൎന്നു ബലഹീനമാകുകയും ചെയ്തു. മതിൽ പൊട്ടിയിട്ട

ണ്ടെന്നു മനസ്സിലായ ഉടനെ അധികൃതന്മാർ അതിന്നുവേണ്ട പ്രതിവിധികൾ ചെയ്യാൻ തീൎച്ചയാക്കി. എന്നാൽ മതിൽ പരിശോധിച്ചു നോക്കിയപ്പോൾ കേടുപോക്കാൻ നിവൃത്തിയില്ലെന്നും കെട്ടിടം ആകപ്പാടെ വീണുപോയേക്കും എന്നും കണ്ടു. ആകയാൽ ആ വശത്തെ വാതിലിൽകൂടെ പള്ളിയിൽ ആരും കടക്കരുതെന്നു അന്നുതന്നെ വിരോധിച്ചു. ആഗസ്റ്റ് മാസം 3-ാം തീയ്യതി കാലത്തു പത്തു മണിക്കു ആ ഭാഗത്തെ തൂണും ആൎച്ചും അതിനോടു ചേൎന്ന മതിലുകളും നിലംപതിക്കുകയും ചെയ്തു. ഫാദർ മത്തേവൂസിൻെറ അക്ഷീണപരിശ്രമത്താൽ സ്ഥാപിക്കപ്പെട്ടതും പിന്നീടു വന്ദ്യരായ മിഷ്യനറിമാരുടെ നെററിയിലെ വിയൎപ്പുകൊണ്ടും ആത്മത്യാഗപൂൎവ്വമായ പ്രയത്നങ്ങളാലും വിശാലമാക്കി കേടുപാടുകൾ പോക്കി അലങ്കരിക്കപ്പെട്ടതുമായ ദേവാലയം അന്നു നാമാവശേഷമായി. ഇതിൻെറ ആരംഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, നമ്മുടെ കൎത്താവു തൻെറ അധിവാസത്തിന്നു കുറേക്കൂടി യോഗ്യതയുള്ള ഒരു ആലയം ഉണ്ടാകുവാൻ ആഗ്രഹിച്ചു എന്നുവേണം വിചാരിക്കാൻ.

മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ട് കോട്ടയത്തുവെച്ച് ഈ വിപത്തിനെക്കുറിച്ചു കേട്ടയുടനെ വരാപ്പുഴയിലുള്ള തൻെറ വാത്സല്യ മക്കളെ ആശ്വസിപ്പിക്കാനായി അവൎക്കു ഒരു കത്തെഴുതിയയച്ചു. ഈ ലഘുലേഖ ദീൎഘിച്ചുപോകുമെന്നുള്ള ഭയത്താൽ അതിൽനിന്നു ഏതാനും വാചകങ്ങൾ മാത്രമെ ഇവിടെ ഉദ്ധരിക്കുന്നൊള്ളു:— "ചരിത്രംകൊണ്ടും ഉത്ഭവംകൊണ്ടും നമ്മുടെ അതിരൂപതയിലുള്ള സകല പള്ളികളുടേയും മാതാവെന്നു യഥാൎത്ഥത്തിൽ പറയാവുന്ന വരാപ്പുഴയിലെ പാവനമായ ദേവാലയം ഇടിഞ്ഞുവീണുവെന്നുള്ള വ്യസനകരമായ വൎത്തമാനം കിട്ടിയിരിക്കുന്നതുകൊണ്ട്, നിങ്ങളെ ആശ്വസിപ്പിക്കാൻ കഴിയുമൊ എന്നു നോക്കുവാനായി എൻെറ ഹൃദയം നിങ്ങളുടെ പക്കലേയ്ക്കു പറന്നെത്തുന്നു. അനേകായിരം ക്രൈസ്ത്യാനികളുടെ പിള്ള



നി. വ. ദി. ശ്രീ. ഡോക്ടർ ഏഞ്ചൽ മേരി
മെത്രാപ്പൊലീത്താച്ചൻ തിരുമനസ്സുകൊണ്ട്.

ത്തോട്ടിലും അവക്ക സത്യവിശ്വാസ പ്രകാശം പ്രദാനം ചെയ്ത സ്ഥലവുമായ ആ ദേവാലയം — നിങ്ങളേയും നിങ്ങളുടെ മാതാപിതാക്കന്മാരേയും ദൈവമക്കളായി ഉല്പാദിപ്പിച്ചതുകൊണ്ടു നിങ്ങളുടെ അമ്മയെന്നുതന്നെ പറയാവുന്ന ആ ദേവാലയം — ഇതാ നഷ്ട ശൂന്യമായി കിടക്കുന്നു...............'' ദൈവത്തിന്നും അതിന്റെ മാതാവിന്നും വിശുദ്ധ യൌസേപ്പു പിതാവിന്നും വേണ്ടി ഒരു കമനീയമായ ദേവാലയം പണിയിക്കാൻ യഥാശക്തി ധനസഹായം ചെയ്യേണമെന്നും അതിന്നായി പ്രാർത്ഥിക്കേണമെന്നും വരാപ്പുഴക്കാരോടു അനുകമ്പാജനകമായ വിധത്തിൽ അപേക്ഷിച്ചുകൊണ്ടാണു മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ഈ ലേഖനത്തെ അവസാനിപ്പിച്ചിട്ടുള്ളതു്.

ചരിത്രപ്രസിദ്ധമായ വരാപ്പുഴപ്പള്ളി ഇങ്ങിനെ അദൃശ്യമായിത്തീൎന്നെങ്കിലും അതിന്റെ സ്ഥാപനാനന്തരം ഉണ്ടായിട്ടുള്ള രസകരമായ സംഭവങ്ങൾ എന്നെന്നും സ്മരിക്കപ്പെടുന്നതാണ്. അവയിൽ ചിലതുകളെക്കുറിച്ചുമാത്രം ഇവിടെ അല്പം പറയാം. കമ്മലീത്താക്കാർ കേരളത്തിൽ വന്നതിന്റെശേഷം അവരും കൊച്ചീ തിരുവിതാംകൂർ രാജാക്കന്മാരുംതമ്മിൽ വളരെ ലോഹ്യമായിട്ടാണു കഴിഞ്ഞുവന്നതു് എന്നുള്ള സംഗതി സുപ്രസിദ്ധമാണല്ലോ. മേല്പറഞ്ഞ രാജാക്കന്മാർക്ക വരാപ്പുഴപ്പള്ളിയോടു വളരെ ഭക്തിബഹുമാനങ്ങളുണ്ടായിരുന്നു. 19-ാം നൂററാണ്ടിൽ വരാപ്പുഴ, കൊച്ചി സംസ്ഥാനത്തുൾപ്പെട്ടിരുന്നപ്പോൾ കൊച്ചീ രാജാവു വരാപ്പുഴപ്പള്ളി പറമ്പിനെ കരമൊഴിവാക്കിയിട്ടുണ്ടായിരുന്നു. കുറെ വത്സരം കഴിഞ്ഞതിന്റെശേഷം ഠരം പള്ളിയിലെ കെടാവിളക്കിന്നായി ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കർണ്ണൽ മെക്കോളി മുഖാന്തിരം വരാപ്പുഴയിലെ അച്ചന്മാക്ക ഗവമ്മേണ്ടിൽനിന്നു മാസംതോറും അഞ്ചു രൂപ്പികവീതം അലവൻസ് കിട്ടിത്തുടങ്ങി. പുഴയോരത്തുള്ള പറമ്പിന്നു കരം പതിച്ചതിന്നു പ്രതിഫലമായിട്ടാണു ഠരം സംഖ്യ അ


നുവദിച്ചത്. വരാപ്പുഴ തിരുവിതാംകൂറിലേക്കു വിട്ടു കിട്ടിയപ്പോൾ അവിടത്തെ മഹാരാജാവും കൊച്ചിയിൽനിന്നു ഈ പള്ളിയിലേക്കു ചെയ്ത ദാനങ്ങളെയെല്ലാം സ്ഥിരപ്പെടുത്തുകയുണ്ടായി. ഇതുപോലെയുള്ള പല സംഗതികളും ചരിത്രത്തിൽ കാണുന്നുണ്ടെങ്കിലും അവയ്ക്കു ഈ പള്ളിയുടെ ചരിത്രവുമായി നേരിട്ട് സംബന്ധമില്ലായ്കയാൽ അവയെ എല്ലാം ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ല.

യുദ്ധത്തിന്റെ ഭയങ്കരാനുഭവങ്ങളിൽനിന്നു തെററി മാറുവാൻ എല്ലായ്പോഴും വരാപ്പുഴയ്ക്കു സാധിച്ചിട്ടില്ല. മൈസൂറിലെ ടിപ്പു സുൽത്താൻ കൊച്ചിയേയും തിരുവിതാംകൂറിനേയും ആക്രമിച്ച കാലത്തു് ടിപ്പുവിന്റെ സൈന്യം വരാപ്പുഴയിലുമെത്തി, അച്ചന്മാരുടെ ഭവനം കൊള്ളചെയ്തു്, അവരുടെ കൈയ്യിൽ കിട്ടിയതെല്ലാം എടുത്തുകൊണ്ടു പോകയുണ്ടായി. ഈ കവർച്ചക്കാർ മററു സ്ഥലങ്ങളിൽ ചെയ്തതുപോലെ വരാപ്പുഴ പള്ളിയേയും നശിപ്പിക്കാനുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കണം അവിടെ ചെന്നതു്. എങ്കിലും ദൈവം തന്റെ മാതാവിന്റെ ആലയം നശിച്ചുപോകാൻ അനുവദിച്ചില്ല. കൊള്ളക്കാർ ഈ പള്ളിയിൽ പ്രവേശിക്കാൻ ഭാവിച്ചപ്പോൾ അതിൽ ജനങ്ങൾ തിങ്ങിക്കൂടിനിന്നു പ്രാർത്ഥിക്കുന്നതുപോലെ അവർക്കു തോന്നിയതിനാലാണ് അതിനെ നശിപ്പിക്കാതെ അവർ ഭയപ്പെട്ടു ഓടിപ്പോയതെന്നു ഒരു ഐതിഹ്യം വരാപ്പുഴക്കാർ പറഞ്ഞു കേട്ടിട്ടുണ്ടു്. ഈ പാരമ്പര്യം വർത്തമാനത്തിനുള്ള വില മാത്രമേ നാം അതിന്നുകൊടുക്കേണ്ടതുള്ളു. 1790-ാമാണ്ടു് മേയിമാസത്തിലാണ് മേല്പറഞ്ഞ കവർച്ച നടന്നതു്.

ഫാദർ മത്തേവൂസ് ഈ പള്ളിയെ കർമ്മല മാതാവിന്നാണ് പ്രതിഷ്ഠിച്ചതു്. ആകയാൽ ഏതാനും ശതാബ്ദങ്ങളോളം ഇതിനു കർമ്മലമാതാവിന്റെ പള്ളി എന്നായിരുന്നു പേർ. എന്നാൽ കർമ്മലീത്തക്കാർ തങ്ങളുടെ അമ്മയായ ത്രേസ്യാപ്പുണ്യവതിയുടെ ആ



ലെയൊനാൎദ്ദ് മെല്ലാനൊ മെത്രാപ്പൊലീത്താ
തിരുമനസ്സുകൊണ്ടു്.



ദിവ്യശ്രീ. ബ്രദർ ലീയോ സി. ഡി.

ഗ്രഹാനുസരണം മാർ യൌസേപ്പ പിതാവിന്റെ ഭക്തിയിൽ അ ദ്വിതീയന്മാർ ആകയാൽ, കമ്മലീത്താസഭയെ മുഴുവനും ആ പുണ്യ വാൻ സംരക്ഷിച്ചുവരുന്നതുപോലെ ഠരം മിസ്സത്തേയും അങ്ങേ സംര ക്ഷണയിൽ വയ്ക്കാൻവേണ്ടി ലേയോനാട്ട് മെല്ലാനൊ മെത്രാപ്പോ ലീത്താച്ചന്റെ കാലത്തു മാർ യൌസേപ്പപിതാവിനെ ഠരം പള്ളി യുടെ സഹരക്ഷാധികാരിയായി വരിക്കുകയും ആ മഹാത്മാവിന്റെ പേരു കൂട്ടിച്ചേർക്കയും ചെയ്തു. ഇങ്ങിനെയാണു ഠരം പള്ളിക്കു രണ്ടു മദ്ധ്യസ്ഥന്മാരുണ്ടായത്.

പഴയപള്ളി ഇടിഞ്ഞു വീണു കിടക്കുന്നതു നിമിത്തം അതി ൽ ദിവ്യകമ്മങ്ങൾ നടത്തുന്നത് അസാദ്ധ്യമായിത്തീന്നപ്പോൾ വ രാപ്പുഴയുള്ള കമ്മലീത്താഭവനത്തിന്റെ ഒരു ഭാഗം കപ്പേളയായി ഉപയോഗിപ്പാൻ തുടങ്ങി. എടവക ജനങ്ങളുടെ ബാഹുല്യത്താ ൽ ദിവ്യകമ്മങ്ങൾ നടത്താൻ അതും മതിയായില്ല. ഒരു പന്തലി ട്ടു കായ്യം നിവ്വഹിക്കാമെന്നുവെച്ചാൽ അതു ഭക്തിജനകമായ ഒരു സ്ഥലം ആകയില്ലെന്നു മാത്രമല്ല ഭക്തന്മാരായ കത്തോലിക്കൎക്കു പ രിശുദ്ധ കുബ്ബാനയെ സന്ദർശിച്ചു ആരാധിപ്പാനുള്ള സൌകയ്യം ലഭിക്കുന്നതുമല്ല. ഠരം അസൌകയ്യങ്ങളെയെല്ലാം ആലോചിച്ച് മിഷ്യനറിമാരുടെ ഭക്ഷണ മുറിയേയും വികാരിയുടെ മുറിയേയും കൂ ട്ടിച്ചേർത്തു ഒരു ജപാലയമാക്കി. ഇങ്ങിനെയുണ്ടാക്കിയ ഠരം കപ്പേ ളയിൽ മററു ചില ദിക്കുകളിലുള്ള പള്ളികളെക്കാൾ അധികം സ്ഥ ലം ഉണ്ടായിരുന്നു എന്നുള്ളതു പ്രസ്താവ്യമാണ്.

ഇതിലും തിക്കും തിരക്കും അതികഠിനമായ ഉഷ്ണവും വേറെ പല അസൌകയ്യങ്ങളും ഉണ്ടായിരുന്നു; എന്നിട്ടും ഞായറാഴ്ചകളി ലും പെരുന്നാൾ ദിവസങ്ങളിലും മുടക്കം കൂടാതെ കുർബാന കാ ണുന്നതിലും മററും വരാപ്പുഴ എടവകക്കാർ പ്രദർശിപ്പിച്ച ഉ ത്സാഹത്തെയും സ്വധമ്മനിഷ്ഠയെയും എത്ര പ്രശംസിച്ചാലും അ

ധികമാകുന്നതല്ല. നമ്മുടെ കർത്താവിന്നു സമർപ്പിച്ച ആ സ്വാത്മനിഗ്രഹ ബലികൾക്കായി അവിടുന്നു അവരെ അനുഗ്രഹിക്കുമാറാകട്ടെ.

---

## ഈ പള്ളിയിൽ സംസ്കരിക്കപ്പെട്ട മിഷ്യനരിമാർ.

---

സ്വന്ത നാടും വീടും ഭാഷയും സുഖവുമെല്ലാം ഉപേക്ഷിച്ചു, കേരളീയരുടെ മാനസാന്തരത്തിന്നായി തങ്ങളുടെ ദേഹത്തെയും ദേഹിയെയും സമർപ്പിച്ചു മരിച്ചതിൻെറശേഷം വരാപ്പുഴ പള്ളിയിൽ സംസ്കരിക്കപ്പെട്ടിട്ടുള്ള വന്ദ്യന്മാരായ മിഷ്യനരിമാരുടെ പേരുകൾ, വരാപ്പുഴ എടവകക്കാരുടെ നിത്യ സ്മരണക്കും, കേരളത്തിൽ ക്രീസ്തുവിൻെറ രാജ്യത്തെ വിശാലമാക്കിയ അവരുടെ വൈദിക പിതാക്കന്മാർ ആരെല്ലാമെന്നു അറിയുന്നതിന്നുമായി താഴെ ചേർത്തുകൊള്ളുന്നു.

വരാപ്പുഴ പള്ളിയിൽ ആദ്യമായി സംസ്കരിക്കപ്പെട്ട കമ്മലീത്താ മിഷ്യനരി ശീസ്മക്കാരാൽ വിഷംകൊടുത്തു കൊല്ലപ്പെട്ട ദേഹമാണെന്നുള്ള സംഗതി ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

# വരാപ്പുഴ പള്ളിയിൽ സംസ്കരിക്കപ്പെട്ട മിഷ്യനരിമാർ.

| പേര് | ജന്മദേശം. | സംസ്കരിച്ച തിയ്യതി. |
|---|---|---|
| ൧ റുഹാദക്കുദശായുടെ ഫാദർ ബത്തലോമ്യു | ഇററലി | ൧൬൮൦ ഫെബ്രുവരി ൧ |
| ൨ വിശുദ്ധ യൌസേപ്പിന്റെ ഫാദർ കയിത്താൻ | ,, | ൧൬൮൯ ,, ൧൪ |
| ൩ വിശുദ്ധ യൌസേപ്പിന്റെ ഫാദർ മത്തേവൂസ് | ,, | ൧൬൯൧ |
| ൪ വിശുദ്ധ എലിയാസിന്റെ ഫാദർ അമാൻദൂസ് | ജർമ്മനി | ൧൬൯൮ ജൂലായി ൨൩ |
| ൫ വ്യാകുലമാതാവിന്റെ ഫാദർ ജുസ്തൂസ് | ബെൽജിയം | ൧൭൦൯ ആഗസ്റ്റ് ൪ |
| ൬ വി. ത്രേസ്യ. മോൻസി. ആഞ്ചൽ പ്രാൻസിസ് | ഇററലി | ൧൭൧൨ ഒക്ടോബർ ൧൮ |
| ൭ വിശുദ്ധ ഒണോപ്രിയുടെ ഫാദർ ഇന്നോസൻറ് | ,, | ൧൭൧൪ ജനുവരി |
| ൮ വിശുദ്ധ ത്രേസ്യായുടെ ഫാദർ അർസേന്യൂസ് | ,, | ൧൭൨൫ ആഗസ്റ്റ് ൨൭ |
| ൯ അമലോത്ഭവത്തിന്റെ ഫാദർ റനാത്തൂസ് | ,, | ൧൭൨൬ ജൂലായി ൧൫ |
| ൧൦ വി. ലെയൊപ്പോൾഡിന്റെ ,, ഇന്നൊസെൻറ് | ഹംഗറി | ൧൭൩൫ ഒക്ടോബർ ൩൧ |
| ൧൧ വി. ത്രേസ്യായുടെ മോൻസി. ജോൺ ബപ്തീസ്ത | ഇററലി | ൧൭൫൦ ഏപ്രിൽ ൬ |
| ൧൨ നസ്രായക്കാര. ഈശോ മോൻസി. പ്ലോരെൻസ് | പോളണ്ട | ൧൭൭൩ ജൂലായി ൨൬ |
| ൧൩ ഈശോയുടെ ഫാദർ ക്ലെമന്ത് | ഇററലി | ൧൭൮൨ നവമ്പർ ൯ |
| ൧൪ വി. എലിസേവൂസിന്റെ ഫാദർ പ്രാൻസീസ് | ആസ്ത്രിയ | ൧൭൯൪ ജനുവരി ൩൧ |

| പേരു് | ജന്മദേശം. | സംസ്കരിച്ച തിയ്യതി, |
|---|---|---|
| ൧൬ വി. റെസീനായുടെ ഫാദർ ലോറൻസ് | ബവേഴ്ജ | ൧൮൭ ജനുവരി ൨൭ |
| ൧൩ ഈശോയുടെ മൊൻസിഞ്ഞോർ ലൂയീസ് മേറി | ഇററലി | ൧൯൦൨ ഏപ്രിൽ ൨ |
| ൧൭ വി. യോസെഫിൻെറ മൊൻസി. റയിമോൻഡ് | ,, | ൧൯൧൩ ജൂലായി ൭ |
| ൧൯ സന്താനായുടെ മോൻസി. പ്രാൻസീസ് സേവ്യർ | ,, | ൧൯൪൪ ഡിസമ്പർ ൭ |
| ൧൮ വിശുദ്ധ മയ്യയുടെ ഫാദർ ആൻറണി | ,, | ൧൯൬൩ മാർച്ച് ൬ |
| ൨൦ വി. ത്രേസ്യായുടെ മോൻസി. ബർണ്ണർട്ടിൻ | ,, | ൧൯൩൯ സെപ്തമ്പർ ൬ |
| ൨൧ വി. ത്രേസ്യായുടെ മൊൻസി. മർസ്സിലീൻ | ,, | ൧൯൮൨ മാർച്ച് ൨൧ |
| ൨൨ വി. യോസെഫിൻെറ ഫാദർ ഫിലിപ്പ് | ,, | ൧൯൮൫ മെയി ൧ |
| ൨൫ കാണിക്കമാതാവിൻെറ ഫാദർ കമീലസ് | ,, | ൧൯൮൪ ജൂൺ ൨൨ |
| ൨൪ വി. ലൂയിസിൻെറ മൊൻസി ലെയൊനാർട്ട് | ,, | ൧൯൮൭ ആഗസ്റ്റ് ൧൮ |
| ൨൬ വി. ത്രേസ്യായുടെ ഫാദർ ഗ്ലിയേൽമൂസ് | സ്പെയിൻ | ൧൮൦൨ ഏപ്രിൽ ൨൦ |
| ൨൩ വി. യോസെഫിൻെറ ഫാദർ ഏലിയാസ് | ,, | ൧൮൦൭ ജനുവരി ൨൧ |
| ൨൭ തിരുഹൃദയത്തിൻെറ ബ്രദർ ജോൺ മേറി | ,, | ൧൮൧൯ ഫെബ്രുവരി ൧൫ |

1919 മാർച്ച് 17-ാം തിയ്യതി പരലോകപ്രാപ്തനായ വന്ദ്യ ദിവ്യശ്രീ ഫാദർ തോമസ് സി. ഡി. അച്ചർകളുടെ ശരീരം വരാപ്പുഴ സെമിത്തേരിയിലാണ സംസ്കരിക്കപ്പെട്ടതു്. മെത്രാന്മാരുടെ ശവംമാത്രമേ പള്ളിയിൽ സംസ്കരിക്കാൻ പാടുള്ളു എന്നു പുതിയ കാനൻ നിയമത്തിൽ നിശ്ചയിച്ചിട്ടുള്ളതാണ അങ്ങിനെ ചെയ്യുവാൻ കാരണം. അതില്പിന്നെ മിഷ്യനറിമാരെയും ഈ പള്ളിയിൽ സംസ്കരിക്കാൻ പ്രത്യേകാനുമതി സിദ്ധിച്ചിട്ടുണ്ട്.

1856-വരെ മിഷ്യനരിമാരുടെ ശ്മശാനം കുരിശിൻെറ വിശുദ്ധ യോഹന്നാൻെറ കപ്പേളയോടു തൊട്ടുള്ള സ്ഥലമായിരുന്നു. അതില്പിന്നെയാണു ഇതിന്നായി ഒരു പാതാളക്കല്ലറ കെട്ടിച്ചതു്. ഈ പാതാളം പ്രെസ്ബട്ടരിയുടെ മദ്ധ്യം മുതൽ വളവു മച്ചിൻെറ കമാനത്തുണ്ടു വരെയുണ്ടായിരുന്നു. ഇതു സമക്കോണാകൃതിയിലായിരുന്നു. ഇപ്പോഴത്തെ സെമിത്തേരി പണിയിച്ചതുവരെ പുതുക്രിസ്ത്യാനികളുടെ പാഠിത്തൃമുറിക്കു അഭിമുഖമായ, പള്ളിയുടെ ഒരു ഭാഗത്തേയാണു എടവക ജനങ്ങളുടെ ശ്മശാനമായി ഉപയോഗിച്ചുവന്നതു്. പള്ളിയുടെ മതിലിന്മേൽ അവസാനത്തെ മൂന്നു മെത്രാന്മാരുടെയും ഫാദർ ഫിലിപ്പിൻെറയും ഫാദർ കമ്മേലൂസിൻെറയും സ്മാരകങ്ങളായ മാർബിൾ കല്ലുകൾ പതിച്ചിട്ടുണ്ടായിരുന്നു. വിസ്തരഭയത്താൽ അതുകളിൽ കൊത്തിയിട്ടുള്ള വാചകങ്ങൾ ഇവിടെ പകത്തുന്നില്ല.

## "വരാപ്പുഴയുടെ മഹത്വം"
## എന്ന നാമത്തെ അർഹിക്കുന്ന ഒരു മഹാത്മാവു.

---

പഴയ വരാപ്പുഴപള്ളിയുടെ ചരിത്രം അവസാനിപ്പിക്കുന്നതിന്നു മുമ്പായി വളരെ പ്രസിദ്ധനും ഇന്നും വരാപ്പുഴക്കാരുടെയിടയിൽ സുസ്മരണീയനുമായ ഒരു വന്ദ്യ മിഷ്യനരിയെക്കുറിച്ചു രണ്ടു വാക്കു പറയുന്നതു അവസരോചിതമായിരിക്കുമെന്നു തോന്നുന്നു. കമ്മലീത്താസഭയുടെ അംഗമായ, വിശുദ്ധ ത്രേസ്യായുടെ ആഞ്ചലൂ

സ് പ്രാൻസിസ് എന്ന വന്ദ്യനെയാണു ഞാൻ നിർദ്ദേശിക്കുന്നതു്. പൂജ്യപാദനായ ഈ മിഷ്യനറി 1701-ാമാണ്ടു മെയിമാസം 22-ാം നു കേരളത്തിന്റെ വികാരിയപ്പസ്തോലിക്കു മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അനന്തരം 1709 മാർച്ച് 13-ാംനു കൊച്ചിയുടെയും കൊടുങ്ങല്ലൂരിന്റെയും വികാരിയപ്പസ്തോലിക്കാ ആയി നിയമിക്കപ്പെട്ടു. ഈ മഹാത്മാവിന്റെ പുണ്യ പരിപൂർണ്ണമായ ഐഹിക ജീവിതം 1712-ൽ വിസ്മയകരമായ ഒരു മരണത്താൽ പര്യവസാനിക്കുകയുംചെയ്തു. മൊൻസിഞ്ഞോർ ആഞ്ചെലൂസ് പ്രാൻസിസിന്റെ മരണസമയത്തു്, സ്വർഗ്ഗീയ സംഗീതങ്ങളും ദൈവദൂതന്മാരുടെ ഗാനങ്ങളും കേൾക്കപ്പെടുകയും വേറെ പല അത്ഭുതങ്ങളും സംഭവിക്കുകയും ചെയ്തതായി പറയപ്പെടുന്നു. അനേകമാളുകൾ ആസന്നമരണനായ തങ്ങളുടെ ആത്മിയപിതാവിനെ കാണ്മാനായി വരാപ്പുഴയിലെ കർമ്മലീത്താക്കാരുടെ ഭവനത്തിൽ വന്നുകൂടി. ചിലർ അദ്ദേഹത്തിന്നുവേണ്ടി പ്രാർത്ഥിച്ചു; മററു ചിലർ അദ്ദേഹത്തിന്റെ ഫലസിദ്ധിയുള്ള പ്രാർത്ഥനക്കായി തങ്ങളെത്തന്നെ സമർപ്പിച്ചു; എല്ലാവരും തങ്ങളുടെ ആത്മിയ ഇടയനും വാത്സല്യപിതാവും നഷ്ടപ്പെടുവാൻ പോകുന്നതിനെക്കുറിച്ചു ദുഃഖിക്കുകയും കരയുകയും ചെയ്തു. ആലങ്ങാട്ടുരാജാവു് തന്റെ ഉററ സ്നേഹിതനായ പ്രാൻസീസ് മെത്രാൻ മരിക്കാറായിക്കിടക്കുന്നു എന്നു് കേട്ട ഉടനെ വരാപ്പുഴയിൽ എത്തുകയും മെത്രാനച്ചന്റെ മുറിയിൽകടന്നുചെന്നു്, കട്ടിലിനടുത്തു മുട്ടുകുത്തി കണ്ണുനീർ പൊഴിച്ചുകൊണ്ടു ആശീർവ്വാദം അപേക്ഷിക്കുകയുമുണ്ടായി. മൊൻസിഞ്ഞോർ പ്രാൻസിസിന്റെ സംസ്കാരക്രീയകൾ കഴിയുന്നതുവരെ ഈ രാജാവു വരാപ്പുഴെത്തന്നെ എഴുന്നള്ളി താമസിച്ചു.

ഈ മഹാത്മാവിന്റെ ഭാഗ്യമരണം കണ്ട ജനങ്ങൾ, തിരുസ്സഭയുടെ വിധിയെ കാത്തിരിക്കാതെ, ഇദ്ദേഹത്തിന്റെ കുഴിമാടത്തിങ്കൽ മെഴുകുതിരി കത്തിക്കാനും പുഷ്പമാല്യങ്ങൾ ചാർത്തുവാ

നം തുടങ്ങി. വിശുദ്ധ ത്രേസ്യായുടെ ജോൺ ബപ്ടിസ്റ്റ എന്നുപേരായമെത്രാൻ മേല്പറയപ്പെട്ട വന്ദ്യപിതാവിൻെറ ശരീരാവശിഷ്ടങ്ങളെ കുഴിമാടത്തിൽ നിന്നെടുത്തു്, അദ്ദേഹം മാറ്റിൽ ധരിച്ചുവന്ന സ്ഥാനക്കുരിശോടുകൂടി, മുമ്പിലത്തേക്കാൾ നല്ല ഒരു സ്ഥലത്തു സ്ഥാപിച്ചു. ഈ അവശിഷ്ടസ്ഥാപനകർമ്മം വളരെ ആഘോഷപൂർവ്വമായും അനുവന്നുകൂടിയ അനേകം ജനങ്ങളുടെയും മിഷ്യനരിമാരുടെയും സന്തോഷ പ്രകടനങ്ങളോടു കൂടെയുമാണു നടത്തപ്പെട്ടതു്. പരേതനായ ഫ്രാൻസിസ് മെത്രാൻെറ ശരീരാവശിഷ്ടവും സ്ഥാനക്കുരിശും ഒരു പെട്ടിയിലാക്കി, കുഴിമാടത്തിന്നടുത്തുണ്ടായിരുന്ന പള്ളിമതിലിൻെറ ഉൾഭാഗം വെട്ടിക്കുഴിച്ചു അതിനുള്ളിൽ വയ്ക്കപ്പെട്ടു. ഇതിനെ സാക്ഷീകരിക്കുന്നതും ഈ വന്ദ്യപിതാവിൻെറ സ്മാരകമായി എഴുതപ്പെട്ട ശവകുടീരലിഖിതം അടങ്ങിയതുമായ ഒരു ചെമ്പേടു ഉണ്ടായിരുന്നതായി ആഗ്ഗർ എഴുതിയ തിരുവിതാംകൂർ സഭാചരിത്രത്തിൻെറ 1886-ാം പക്ഷത്തിൽ പറയപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോൾ പ്രസ്തുതസംഗതിയെ അനുസ്മരിപ്പിക്കുന്ന ഒരു ഇഷ്ടികക്കഷണം അല്ലെങ്കിൽ ചുട്ടകളിമണ്ണിൻ കഷണം മാത്രമേ വരാപ്പുഴ ഈടു വയ്പിൽ കാണുന്നുള്ളു. അതിന്മേൽ നാലുകുരിശുകളുടെ മദ്ധ്യത്തിലായി താഴെ ഉദ്ധരിച്ചിട്ടുള്ള വാചകം കൊത്തിയിട്ടുണ്ടു്:—

✠

ൟ. മ.

മെത്തലിപ്പൊല്ലിസിന്റെ മെത്രാനും അങ്കമാലി, കൊച്ചീരൂപതയുടെ വികാരി അപ്പൊസ്തൊലിക്കയുമായ വിശുദ്ധ ത്രേസ്യായുടെ മൊൻസിഞ്ഞോർ ഫ്രെ അഞ്ചെലൂസ് ഫ്രാൻസീസ് എന്ന ദൈവദാസന്റെ ശരീരം; ഇദ്ദേഹം 1675 ഒക്ടോബർ 18-ാം നു- വനുചേന്നതിന്റെ ശേഷം ആശ്ചൎയ്യകരമായി കത്തോലിക്കാ വിശ്വാസത്തിന്റെ പ്രചാരത്തിനും ശീസ്മക്കാർക്കുവിരോധമായുള്ള സഭയുടെ യോജിപ്പിന്നും വേണ്ടി ചെയ്തിട്ടുള്ളവ അത്ഭുതകരങ്ങളാകുന്നു. 1700-ാമാണ്ടിൽ പന്ത്രണ്ടാം ഇന്നൊസെൻറ് മാർപ്പാപ്പാ ഇദ്ദേഹത്തെ മെത്രാനും വികാരിയപ്പസ്തോലിക്കയുമായി തെരിഞ്ഞെടുത്തു. ഇദ്ദേഹം പന്ത്രണ്ടു വത്സരത്തോളം ൟ ക്രീസ്തുമതത്തെ (സഭയെ) ഭരിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു. പിന്നെ തന്റെ മരണദിവസവും മണിക്കൂറും മുൻകൂട്ടി പ്രവചിച്ച്, അന്ത്യകൂദാശകൾ കൈക്കൊണ്ടു 1712 ഒക്ടോബർ മാസം 18-ാംനു- തന്റെ 63-ാമത്തെ വയസ്സിൽ കർമ്മലീത്താക്കാ✠രുടെ വസതിയിൽവെച്ചു സമാധാനസമേതം കർത്താവിൽ✠ മരണംപ്രാപിച്ചു. അദ്ദേഹത്തിന്റെ ശരീരം ലിമീരായുടെ മെത്രാനും വികാരിയപ്പസ്തോലിക്കുമായ വിശുദ്ധ ത്രേസ്യായുടെ മൊൻസിഞ്ഞോർ ജോൺ ബപ്തീസ്ത മുൾത്തേടിയുടെ കല്പനപ്രകാരവും മെത്രാനായി നാമകരണം ചെയ്യപ്പെട്ട ദേഹവും വലിയ മുഗളിന്റെ വികാരിയപ്പസ്തോലിക്കുമായ മൊൻസിഞ്ഞോർ പീററർ ദെ അൽക്കാന്ത്രയുടെയും വന്ദ്യദിവ്യശ്രീമാന്മാരായ ഭവനാധികാരി ഫാദർ ഇന്നസെൻറ്, ഫാദർ പൌലിൻ, ഫാദർ ബൊനിഫെസ് എന്നിവരുടെയും സാന്നിദ്ധ്യത്തിലും കുഴിച്ചിട്ടിരുന്ന സ്ഥലത്തുനിന്ന്, അതായത്, അച്ചന്മാരുടെ സെമിത്തേരിയിലുള്ള ൟ പ്രധാന കപ്പേളയുടെ മതിലിന്നു സമീപേനിന്ന്, 1732 ജൂലായി 9-ാം നു- എടുത്ത്, അദ്ദേഹത്തിന്റെ മാർപ്പിലെ സ്ഥാനക്കുരിശോടുകൂടി ൟ പെട്ടിയിൽവെച്ച്, അദ്ദേഹത്തിന്റെ കല്ലറക്കു സമീപം സ്ഥാപിച്ചിരിക്കുന്നു. എന്നു കല്പനപ്രകാരം 1732 ആഗസ്റ്റ് 12-ാംനു-.

✠

വരാപ്പുഴക്കാക്കു തങ്ങളുടെ വന്ദ്യനായ ഇടയനോടുണ്ടായിരുന്ന ഭക്ത്യാദരങ്ങൾ ഇതുകൊണ്ടും കുറഞ്ഞില്ല. നേരെമറിച്ച് പിന്നെയും ഒന്നര ശതാബ്ദത്തോളം അവർ അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥ സഹായങ്ങൾ പ്രാൎത്ഥിച്ചുകൊണ്ടുവന്നു. ൟ മഹാത്മാവിനെ പക്ഷെ ധന്യൻ (വാഴ്ത്തപ്പെട്ടവൻ) എന്നു പേരുവിളിക്കുന്നതിന്നുള്ള ആലോചന തിരുസ്സഭ തുടങ്ങുന്നപക്ഷം, ജനങ്ങളുടെ ൟ വണക്കം അതിന്നു തടസ്ഥമായിത്തീൎന്നേക്കുമെന്നുള്ള ശങ്കയാൽ, വികാരി പ്രൊവിൻഷ്യലായിരുന്ന വന്ദ്യ ദിവ്യശ്രീ ൟശോ മറിയത്തിൻെറ ഫാദർ പൊലിക്കാപ്പു സി. ഡി. അവർകൾ ൟ തിരുശ്ശേഷിപ്പുകളെ പള്ളിയിൽനിന്നു എടുത്തുമാററിയതുവരെ ജനങ്ങൾ അവയുടെ പക്കൽ ചെന്നു പ്രാൎത്ഥിക്കുന്നതിന്നു മുടക്കം വരുത്തിയില്ല. കൎമ്മലീത്താ ഭവനത്തിൻെറ മേലധികാരി ൟ അവശിഷ്ടങ്ങളെ പൂജ്യമായി സൂക്ഷിച്ചുവച്ചിട്ടുണ്ട്. ഇങ്ങിനെ ൟ ദൈവദാസൻ വിസ്മരിക്കപ്പെട്ടുപോയെന്നുവരികിലും വരാപ്പുഴക്കാർ തങ്ങളുടെ വാത്സല്യ പിതാവിൻെറ സംരക്ഷണയിൽ തങ്ങളെത്തന്നെ ഏല്പിക്കുന്ന പതിവിനെ തുടരുമെന്നാണു എൻെറ വിശ്വാസം. ഭൂമിയിൽ വസിച്ചിരുന്നപ്പോൾ താൻ ഹൃദയപൂൎവ്വം സ്നേഹിച്ച തൻെറ അജഗണത്തെ ആ വന്ദ്യനായ ഇടയൻ ഇപ്പോഴും പരിപാലിക്കാതിരിക്കുകയില്ലെന്നു നമുക്കു വിശ്വസിക്കാം.


വരാപ്പുഴക്കാരെ, നിങ്ങളുടെ ൟ മഹിമയെ നിങ്ങൾ മറന്നുകളയരുതു്; ആ മഹാത്മാവിൻെറ മദ്ധ്യസ്ഥംമൂലം നിങ്ങൾ ദൈവത്തോടു പ്രാൎത്ഥിക്കുക; ലോകത്തിൽവെച്ചു നിങ്ങളെ സ്നേഹിച്ച അങ്ങുന്നു സ്വൎഗ്ഗത്തിൽവെച്ചു നിങ്ങളെ മറക്കുകയില്ലെന്നു ഉറച്ചുകൊള്ളുക.

## പുതിയപള്ളി.

കർമ്മലീത്താ മിഷ്യനരിമാരുടെ കേരളത്തിലെ പുരാതന തലസ്ഥാനവും അനേകായിരം കത്തോലിക്കരുള്ള ഒരു പ്രധാന എടവകയുമായ വരാപ്പുഴയിൽ, കാലതാമസം കൂടാതെ ഒരു പള്ളി പണിയിക്കേണ്ട ആവശ്യമുണ്ടായിരുന്നു. മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു അയച്ച കത്തിലെ താല്പര്യപ്രകാരം എടവകക്കാർ പള്ളിപണിവകക്കു യാതൊരു ധനസഹായവും ചെയ്കയുണ്ടായില്ല. എങ്കിലും വിശുദ്ധ യൌസേപ്പിന്റെ ഫാദർ മത്തേവൂസ് സ്ഥാപിച്ച ചരിത്ര പ്രസിദ്ധമായ പള്ളിക്കു പകരം ഒരു പുതിയ പള്ളി പണിയിക്കാനും അതിന്റെ അടിസ്ഥാനക്കല്ല് വിശുദ്ധ ത്രേസ്യായുടെ മൊൻസിഞ്ഞോർ ഏയിഞ്ചൽമേറി മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലേക്കൊണ്ടു 1921 ഡിസമ്പർ 27-ാംനു ആശീർവ്വദിപ്പിച്ചു സ്ഥാപിക്കാനും കർമ്മലീത്താ സഭയുടെ മേലധികാരിയും മിഷ്യനരിമാരും തീർച്ചയാക്കി. മേല്പറഞ്ഞദിവസം ഉച്ചകഴിഞ്ഞു ൪ മണിയായപ്പോൾ അസംഖ്യം ജനങ്ങൾ ഒരു ശിലാസ്ഥാപനകർമ്മം കാണാനായി അവിടെ കൂടിയിരുന്നു. ൨൪ കർമ്മലീത്താ മിഷ്യനരിമാരും കർമ്മലീത്താ മൂന്നാം സഭക്കാരായ പല സന്ന്യാസി പട്ടക്കാരും വരാപ്പുഴ ഡിസ്ത്രിക്കിലുള്ള അൽമേനി പട്ടക്കാരും ഒരുമിച്ച് സകല പുണ്യവാന്മാരുടെ (ലിററനിയും) പ്രാർത്ഥനയും മററു സ്തോത്രഗീതങ്ങളുംപാടി. ജനങ്ങൾ ഭക്തിസമേതം നിശ്ശബ്ദരായി നിന്നിരുന്നു. കർമ്മക്രമാനുസരണമുള്ള പാട്ടുകഴിഞ്ഞ ഉടനെ, ഭൂമിയിലും നമ്മുടെ ആത്മാവുകളിലുമുള്ള ദൈവാലയത്തെക്കുറിച്ചു ദിവ്യശ്രീ ഫാദർ ജോൺ എമ്മാനുവേൽ സി. ഡി. അവർകൾ ഹൃദയസ്പൃക്കമായ ഒരു പ്രസംഗം ചെയ്തു. ഇതു കഴിഞ്ഞു മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ട് യഥാവിധി അടിസ്ഥാനക്കല്ലിടുകയും ചെയ്തു. പള്ളി



പുതിയ പള്ളിയുടെ ശിലാസ്ഥാപനം.



പുതിയ പള്ളിയുടെ അടിസ്ഥാന പ്ലാൻ.


യുടെ സുവിശേഷ ഭാഗത്തു്, തെക്കെ പ്രധാന ചുവരിന്റെ അടിയിലാണ അസ്ഥിവാരക്കല്ല സ്ഥാപിച്ചിട്ടുള്ളതു്. ഠരം നാട്ടിലെ വത്തമാനപ്പത്രങ്ങളും നാടു വാഴുന്ന മഹാരാജാക്കന്മാരുടെ നാണയങ്ങളും, ശിലാസ്ഥാപന കമ്മത്തെക്കുറിച്ചുള്ള വിവരം എഴുതി മെത്രാപ്പോലീത്താച്ചനും അവിടെ കൂടിയിരുന്ന വന്ദ്യ വൈദികന്മാരും ഒപ്പുവെച്ച ഒരു രേഖയും, അതിന്നുള്ളിൽ വയ്ക്കുകയുണ്ടായി. ആ രേഖയുടെ പകർപ്പാണിതു്:—

„തിരുസ്സഭയുടെ സവ്വാദ്ധ്യക്ഷനായി പരിശുദ്ധ പിതാവു പതിനഞ്ചാം ബെനദിക്തു് മാർപ്പാപ്പാ വാഴുകയും, ഇംഗ്ലണ്ടിലെ ജോർജ് പഞ്ചമൻ മഹാരാജാവു ഇന്ത്യയുടെ ചക്രവത്തിയും, സർ രാമവമ്മ തിരുവിതാംകൂർ മഹാരാജാവും, മൊൻസിഞ്ഞോർ എയിഞ്ചൽ മേറി പെരേസ് ഇ സിസില്യാ സി. ഡി. വരാപ്പുഴ മെത്രാപ്പോലീത്തായും, വന്ദ്യ ദിവ്യശ്രീ മേറിയുടെ ഫാദർ ലൂക്കാസ് കമ്മലീത്താ സഭയുടെ ജെനറലും, വന്ദ്യ ദിവ്യശ്രീ ഈശോയുടെ തിരുഹൃദയത്തിന്റെ ഫാദർ അത്തനാസിയൂസ് നവാറയിലെ സംജോക്കിമിന്റെ പ്രോവിൻഷ്യലും, വന്ദ്യ ദിവ്യശ്രീ വിശുദ്ധ യോസെഫിന്റെ ഫാദർ ബൊനവൻതൂര വികാരി പ്രൊവിൻഷ്യലും, വന്ദ്യ ദിവ്യശ്രീ കമ്മല നായികയുടെ ഫാദർ ലിഗോരി സി. ഡി. എടവകാധികാരിയും വരാപ്പുഴ കമ്മലീത്താ ഭവനത്തിന്റെ മേലധികാരിയും, ആയിരിക്കുമ്പോൾ 1921-ാമാണ്ടു് ഡിസമ്പർ 27-ാം തിയ്യതി കമ്മലമാതാവിന്റെയും സൻ ജോസേഫിന്റെയും എന്നുള്ള പഴയ നാമധേയത്തിലും (ആദ്യപള്ളി 1673-ൽ വന്ദ്യ ദിവ്യശ്രീ വിശുദ്ധ യോസഫിന്റെ ഫാദർ മത്തേവൂസിനാൽ പണിയിക്കപ്പെട്ടു.) കീഴെ ഒപ്പിട്ടിരിക്കുന്ന കമ്മലീത്താ മിഷ്യനരിമാരുടേയും, അൾമേനി വൈദികന്മാരുടേയും, അസംഖ്യം പൊതുജനങ്ങളുടേയും സാന്നിദ്ധ്യത്തിലും വരാപ്പുഴ കത്തോലിക്കാ ദ്വീപിലുള്ള ദിസ്കാൾസ്ഡ് കമ്മലീത്താക്കാരുടെ പള്ളിയുടെ ആദ്യകല്ലു് മെ


ത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ആശീർവ്വദിച്ചു സ്ഥാപിച്ചു. ഇതിൻെറ സാക്ഷ്യമായി 1921 ഡിസമ്പർ 27-ാം തിയ്യതി വരാപ്പുഴ നമ്മുടെ ഭവനത്തിൽവെച്ചു ഞങ്ങൾ ഇതിൽ കൈയ്യൊപ്പിടുന്നു. (ഒപ്പു)"

ശില്പശാസ്ത്രവിദഗ്ദ്ധനായ ദിവ്യശ്രീ ബ്രദർ ലീയൊ സി. ഡി. അവർകളെയാണ് പുതിയ പള്ളി പണിയിക്കാൻ ഏല്പിച്ചതു്. അദ്ദേഹം ഉറപ്പും ഭംഗിയുമുള്ള ഒരു പള്ളിയുടെ പ്ലാൻ ഉണ്ടാക്കി. ഈ പള്ളിക്കു നീളത്തിൽ സമരേഖയായി നാലു അടിത്തറകളും അവയുടെ ഇരുവശങ്ങളിലുമുള്ള തൂണുകളെ വിലങ്ങെ പരസ്പരം ബന്ധിക്കുമാറു് പല ഇടത്തറകളുമുണ്ടു്. ഇങ്ങിനെ അടിസ്ഥാന മതിലുകൾ കൂട്ടിപ്പിടിപ്പിച്ചു കോൺക്രീററിട്ടു വളരെ ബലപ്പെടുത്തിയിരിക്കുന്നു.

107 അടി നീളവും $46\frac{1}{2}$ അടി വീതിയുമുള്ള ഈ പള്ളിയുടെയുള്ളിൽ, ഇരുമ്പുകമ്പിവെച്ചു സിമൻറുകൊണ്ടുണ്ടാക്കിയിട്ടുള്ള മനോഹരങ്ങളായ, രണ്ടുനിര, കോൺക്രീററു് തൂണുകളാണുള്ളതു്. ഓരോ വശത്തു് ഈ തൂണുകളാൽ താങ്ങപ്പെട്ട ഒമ്പതു ഗോത്തിക്കു ആർച്ചുകൾവീതമുണ്ടു്. പ്രധാന അൾത്താര പള്ളിയുടെ മദ്ധ്യശാലയുടെ പടിഞ്ഞാറെ അററത്തു് ബ്രദർ ലീയോയുടെ നിർദ്ദേശപ്രകാരം ഇഷ്ടികയും സിമെൻറും ചേർത്തു പണിയിപ്പിച്ചതാണ്. പാർശ്വഭാഗങ്ങളുടെ അററത്തു പ്രധാന അൾത്താരയുടെ ഇടത്തും വലത്തുമുള്ള രണ്ടു അൾത്താരകളുടെയും പ്ലാനും ബ്രദർ ലീയോ തന്നെയാണു വരച്ചുകൊടുത്തതു്. അവയുടെ മേശകൾ ഒഴിച്ചു ബാക്കിയുള്ളതെല്ലാം ഈട്ടിയും തേക്കുമാണ്. മനോഹരങ്ങളായ ഈ അൾത്താരകളുടെ പണി വരാപ്പുഴ ഏടവകക്കാരിൽ ഒരുവൻ ചെയ്തതാണെന്നു സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. പ്രധാന അൾത്താരയുടെ പിന്നിലുള്ള സാക്രിസ്റ്റി മുറിയിലേയ്ക്കു പ്രെസ്ബി



പുതിയപള്ളിക്കു അടിസ്ഥാനമിട്ടപ്പോൾ സന്നിഹിതരായിരുന്ന
മെത്രാന്നും അച്ചന്മാരുടെ ഛായാപടം.



പുതിയ പള്ളിമുഖപ്പ് പണിയുമ്പോഴത്തെ സ്ഥിതി.

ട്ടരിയിൽനിന്നു പോകാൻ അൾത്താരയുടെ ഇരുവശങ്ങളിലും ഓരോ വാതിലുണ്ട്. ൧൦ാം ചമയമുറിയുടെ നീളം 23 അടിയും വീതി 14 അടിയുമാകുന്നു. ഇതിൻെറ ഇരുവശങ്ങളിലും $16\frac{1}{2}$ അടി നീളവും 14 അടി വീതിയുമുള്ള ഓരോ മുറികൾ കൂടിയുണ്ട്. ഇവയിൽ ഒന്നിലേയ്ക്കു സാക്രിസ്റ്റിയിൽനിന്നു നേരെ കടക്കാം. അതു സാക്രിസ്റ്റിയുടെ സാമാനമുറിയായി ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതാണ്. മറുവശത്തുള്ള മുറി ദർശനക്കാർക്കു യോഗം കൂടുവാനൊ അതുപോലെയുള്ള മററാവശ്യങ്ങൾക്കൊ ഉപയോഗിക്കാനായി അതിൻെറ വാതിൽ പുറത്തേയ്ക്കു വെച്ചിരിക്കുന്നു.


പാട്ടുകാർക്കായിട്ടുള്ള മേട വളരെ വിശാലമായ ഒന്നാണ്. ജ്ഞാനസ്നാനമുറിയുടെ മുകളിൽകൂടെ വച്ചിട്ടുള്ള ഗോവണി വഴിയായി കമ്മലീത്താ ഭവനത്തിൽനിന്നു പാട്ടുമേടയിലേയ്ക്കു പോകാം. ഇവിടെവെച്ചിട്ടുള്ള മൂന്നു വലിയ ജന്നൽകളിൽകൂടെയും ഇരുവശങ്ങളിലുമുള്ള ൧൨ ജന്നൽകളിൽകൂടേയും പള്ളിയകത്ത് ധാരാളം കാററും വെളിച്ചവും ലഭിക്കുന്നുണ്ട്.

ഈ പള്ളിയുടെ മുഖവാരപ്പണി വളരെ വിശേഷമായ ഒന്നാണ്. ഇതുപോലെയുള്ള ഒരു പള്ളിമുഖപ്പു കേരളത്തിൽ മററെങ്ങും കാണുമെന്നു തോന്നുന്നില്ല. അതിനെ വർണ്ണിച്ചെഴുതുവാൻ പ്രയാസം. ബലിഷ്ഠങ്ങളായ മൂന്നു തൂണുകളിന്മേൽ ഗോത്തിക്കാകൃതിയിലുള്ള മൂന്നു കമനീയങ്ങളായ മുഖപ്പുകളാണ് കാണികളുടെ ദൃഷ്ടികളെ ആദ്യമായി ആകർഷിക്കുന്നതു്. മദ്ധ്യത്തിലുള്ള മുഖപ്പു ൭൦ അടി ഉയരത്തിൽ ചെന്നു ഒരു ക്രൂപക്കൂടിൻെറ മുകളിൽ നില്ക്കുന്ന കുരിശിൽ അവസാനിക്കുന്നു. ഗോത്തിക്കു മാതിരിയുള്ള മററു രണ്ടു മുഖപ്പുകൾക്കും ഇതിനോളം പൊക്കമില്ല. ശില്പവൈദഗ്ദ്ധ്യത്തിൻെറ വിശിഷ്ട മാതൃകയായ ഈ പണിയെക്കുറിച്ചു ഇത്രമാത്രമെ ഇവിടെ പറയാൻ സാധിക്കയുള്ളൂ. മുഖവാരത്തിൻെറ മേ

ലററത്തുള്ള ത്രപക്കൂട്ടിൽ മൂന്നടിപ്പൊക്കമുള്ള ഒരു പീഠത്തിന്മേൽ ഉണ്ണി ഈശോയെ കരത്തിലേന്തിക്കൊണ്ടു നില്ക്കുന്ന ന്യ അടി ഉയരമുള്ള യൌസേപ്പു പുണ്യവാൻെറ സ്വരൂപം, വരാപ്പുഴഎടവകയെ മുഴുവനും വീക്ഷിച്ചുകൊണ്ടു തൻെറ സംരക്ഷണാധികാരത്തെ വിളംബരപ്പെടുത്തുന്നു:- "എൻെറ പക്കലേക്കു വരുവിൻ" എന്നു ക്ഷണിക്കുന്ന ഭാവത്തിലാണ് ഉണ്ണിയുടെ നില. പൂൎവ്വദിശിയിലേക്കു അഭിമുഖമായിട്ടുള്ള ഈ മുഖവാരത്തിൽ പള്ളിയിലേക്കു പ്രവേശിക്കാൻ മൂന്നു വലിയ വാതിലുകളുണ്ട്. വടക്കെവശത്തു രണ്ടും തെക്കെവശത്തു രണ്ടും ഇങ്ങിനെ ഇരുപാർശ്വങ്ങളിലുംകൂടി നാലു വാതിലുകൾ വേറെയുമുണ്ട്. പള്ളിയിലേക്കു പ്രവേശിക്കുമ്പോൾ, സുവിശേഷ ഭാഗത്ത്, കമ്മലീത്താ ഭവനവും പള്ളിയും തമ്മിൽ ചേരുന്നിടത്തു വേറെയായിട്ടാണു ജ്ഞാനസ്നാനമുറി പണിയിച്ചിരിക്കുന്നത്. വരാപ്പുഴപ്പള്ളിയുടെ ചരിത്രസംക്ഷേപം ഇതാണ്. ഭാവിയിൽ വരാപ്പുഴയുണ്ടാകുന്ന തലമുറകളുടെ അറിവിന്നും ഓൎമ്മയ്ക്കുമായി ഇത് അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

## അറിയേണ്ടവർ അറിവാൻ.

ഒരു പള്ളിയുണ്ടാകുന്നതിനെപ്പററി സന്തോഷിക്കാത്ത കത്തോലിക്കരെ ഒരു ദിക്കിലും കാണുകയില്ല. ആകയാൽ വരാപ്പുഴ എടവകക്കാൎക്കു ആനന്ദിക്കാനും സൎവ്വനന്മകളുടേയും ദാതാവായ സൎവ്വേശ്വരനു കൃതജ്ഞതാസ്തോത്രം ചെയ്വാനും ന്യായമുണ്ട്. എന്തുകൊണ്ടെന്നാൽ ദൈവാരാധന നടത്തുവാൻ അതിവിശേഷമായ ഒരു ദേവാലയം അവൎക്കു ലഭിച്ചിരിക്കുന്നുവല്ലൊ. വാസ്തവാവസ്ഥ ഇതാണെങ്കിലും ഈ കാലഘട്ടത്തിൽ മിഷ്യനറിമാൎക്കു വിരോധ



പുതിയ പള്ളിയുടെ പ്രധാന ബലിപീഠം.

മായുള്ള ചില ദുഷ്പ്രവാദങ്ങൾ പറഞ്ഞു പരത്തി നിർദ്ദോഷികളേയും സാധുക്കളേയും വഴിതെററിക്കുന്ന നീചോദ്യമത്തിന്നു ചുരുക്കം ചിലർ കച്ചകെട്ടി പുറപ്പെട്ടിരിക്കുന്നതു വളരെ ശോചനീയമാണ്. ഇതു ദുഃഖകരമായ ഒരു സംഭവംതന്നെ; എന്നിരുന്നാലും ഈ എടവകയുടെ ഭാഗ്യംകൊണ്ടു മേല്പറയപ്പെട്ടതരം നിരുത്തരവാദികളുടെ എണ്ണം തുലോം തുച്ഛമാണ്.

അപവാദങ്ങളും ഇടച്ചകളുമുണ്ടാകുമെന്നു നമ്മുടെ കത്താവു പ്രവചിച്ചിട്ടുണ്ട്. എന്നാൽ ഇടച്ച (ഉതപ്പു) വരുത്തുന്നവന്നു ദുരിതമെന്നുകൂടി അങ്ങുന്നു അരുളിച്ചെയ്യാതിരുന്നിട്ടില്ല. തനിക്കും അന്യന്മാക്കും ആത്മനാശം ഉണ്ടാക്കുമാറു ഉതപ്പുവരുത്തുന്നവന്നു ദുരിതം എന്നും നിർദ്ദോഷികളെ പറഞ്ഞു മിരട്ടി കുടുക്കിൽ ചാടിക്കുന്നവന്നു ദുരിതം എന്നുമാണു അതിൻെറ സാരം.

മിശിഹായുടെ വേദത്തെ പീഡിപ്പിക്കുന്നവർ എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ടു; ഇനിയും ഉണ്ടാകുകയും ചെയ്യും. മിശിഹായുടെ കൊടിപിടിച്ചിരിക്കുന്നവർ അവരുടെ ചുമതലകൾക്കനുസരണമായ കഷ്ടപ്പാടുകൾ സഹിക്കുകയുംവേണം. ഈശോമിശിഹാ ഭക്ഷണപ്രിയനാണെന്നും പിശാചുബാധിച്ചവനാണെന്നും കുററാരോപണം ചെയ്യപ്പെട്ടില്ലെ? യജമാനനേക്കാൾ നല്ല സ്ഥിതി ഭൃത്യനുകിട്ടുമൊ? ഒരിക്കലുമില്ല; പലസംഗതികളിലും അവനെ കുററം പറയാൻ ആളുകളുണ്ടാകും. അതിനെക്കുറിച്ചു ആശ്ചര്യപ്പെടുവാനില്ല.

അപകീത്തികരമെന്നുതന്നെയല്ല ദൈവദൂഷണമെന്നും കൂടി പറയാവുന്ന ചില പ്രസ്താവങ്ങളും പ്രസിദ്ധീകരണങ്ങളും ഈയിടെ ഇവിടെ ഉണ്ടായിട്ടുണ്ട്.

തൻെറ ദുഷ്പ്രവാദം കൊണ്ടു അന്യന്മാക്കു വന്നിട്ടുള്ള ദോഷങ്ങളെ കഴിയുംപ്രകാരമെല്ലാം പരിഹരിക്കാൻ ദുഷ്പ്രവാദ

ക്കാരനും കടമയുണ്ടെന്നുള്ള സംഗതി എല്ലാവരും ഓൎമ്മിക്കണം. ചിലർ അങ്ങിനെയുള്ള പ്രസ്താവങ്ങൾ അസത്യമാണെന്നു അറിഞ്ഞിട്ടും മൌനം ദീക്ഷിക്കാറുണ്ട്. അവരുടെ മൌനവ്രതത്താൽ ആ അസത്യ പ്രസ്താവങ്ങളെ അവരും അനുകൂലിക്കുന്നു എന്നു അൎത്ഥമാകുകയൊ അല്ലെങ്കിൽ അവർ അവയെ അനുകൂലിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു എന്നു മററുള്ളവർ ധരിക്കുവാൻ ഇടവരുത്തുകയൊ ചെയ്യുന്നപക്ഷം അങ്ങിനെയുള്ളവരും പരിഹാരം ചെയ്യേണ്ടതാകുന്നു. അന്യന്മാരെക്കുറിച്ച് അപവാദം പറഞ്ഞു പരത്തുന്നതു് ഭയങ്കരമായ ഒരു കള്ളമാണെന്നു തന്നെയല്ല, അങ്ങിനെ ചെയ്യുന്നവൻെറ മനസ്സാക്ഷി തൻെറ അപവാദം നിമിത്തമുണ്ടാകുന്ന അസംഖ്യം പാപങ്ങളാൽ മലിനമാക്കപ്പെടുകയും ചെയ്യുന്നു. ആകയാൽ അപവാദത്തിൻെറ സാക്ഷാലുള്ള ദോഷം പററുന്നതു് ആദ്യം അപവദിക്കുന്നവനും പിന്നെ അതിൽ പങ്കുചേരുന്നവനുമാണ്. പലപ്പോഴും അപവാദം ഒരു ദൈവദോഷം തന്നെയായിതീരും. ആകയാൽ ഏഷണിക്കാരൻെറയും ദുഷ്പ്രവാദക്കാരൻെറയും ഉത്തരവാദിത്വം കുറച്ചൊന്നുമല്ല. അപവാദത്തിൻെറ ദോഷഫലങ്ങൾ ഒരു പട്ടക്കാരനോടു വൃഥാ കുമ്പസ്സാരിച്ചതുകൊണ്ടു മാത്രം നീങ്ങുന്നതല്ലാ; വേറെ വിധത്തിലുള്ള പരിഹാരങ്ങൾ കൂടി ചെയ്യേണ്ടിവരും.

ഈശോമിശിഹാ എല്ലാവൎക്കും നന്മ ചെയ്യാനായിട്ടു ലോകത്തിൽ വന്നു; എല്ലാവൎക്കും നന്മചെയ്തുകൊണ്ടു ജീവിതം നയിക്കുകയും ചെയ്തു. അങ്ങേയ്ക്കു മനുഷ്യരിൽനിന്നു യാതൊരു സമ്മാനവും കിട്ടിയില്ല. അവർ മിശിഹായെ ദ്രോഹിക്കുകയും കുരിശിൽ തറച്ചു കൊല്ലുകയുമാണു ചെയ്തതു്; എന്നിട്ടും തന്നെ പീഡിപ്പിച്ചു കുരിശിൽ തറച്ചു കൊന്നവരോടു ക്ഷമിക്കണമെ എന്നു അങ്ങുന്നു ആ കുരിശിന്മേൽ കിടന്നുകൊണ്ടുതന്നെ സ്വൎഗ്ഗീയ പിതാവിനോടു അപേക്ഷിച്ചു. എന്നെ അനുഗമിക്കുക, എന്നു സ്നേഹ

പൂർവ്വം ഉപദേശിക്കുന്ന ആ പ്രിയപ്പെട്ട നമ്മുടെ രക്ഷകന്റെ ഉത്തമ ദൃഷ്ടാന്തത്തെ അനുകരിക്കാൻ പ്രയാസമെന്നുവെച്ചു മിഷ്യനറിമാർ പിന്മാറാൻ പാടില്ല. അതുകൊണ്ടു മിഷ്യനറിമാരെ ചീത്ത പറയുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നവരോടു അവർ ക്ഷമിക്കുമെന്നുള്ള കാര്യം തീർച്ചയാണ്.

മിശിഹായുടെ വികാരിയായ മാർപ്പാപ്പായുടെ പ്രത്യേക കല്പനപ്രകാരമാണു മിഷ്യനറിമാർ ഇവിടെ വന്നിട്ടുള്ളത്; പരിശുദ്ധ സിംഹാസനത്തിൽനിന്നു മറിച്ചൊരു കല്പന ഉണ്ടാകുന്നതുവരെ ഇവിടെ താമസിച്ചു ജോലിചെയ്യേണ്ടതു് അവരുടെ കടമയാകയാൽ അവർ അപ്രകാരം ചെയ്യുന്നതുമാണ്. ലോകത്തിൽ നിന്നു അവർ പ്രതിഫലം പ്രതീക്ഷിക്കുന്നില്ല. ഇവിടെ എത്രയധികം കഷ്ടപ്പാടുകളും പ്രയാസങ്ങളും സഹിക്കേണ്ടിവരുമൊ അത്രയുമധികം സമ്മാനം പരലോകത്തിൽ കിട്ടുമെന്നു അവർക്കറിയാം.

തങ്ങളുടെ പ്രവർത്തികളേയും ഭരണത്തെയുംകുറിച്ചു മിഷ്യനറിമാർ മേലധികാരികൾക്കു കണക്കു കൊടുക്കുന്നുണ്ടു്. അവരെ കല്പിച്ചയച്ച മിശിഹായുടെ വികാരി തങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വഴിവിട്ട് അവർ എള്ളിട അങ്ങോട്ടും ഇങ്ങോട്ടും മാറുകയില്ല. മിശിഹായുടെ വികാരി ചെയ്തിട്ടുള്ള ഏർപ്പാടിനെ തട്ടിമറിക്കാൻ ശ്രമിക്കുകയൊ തട്ടിമറിക്കാൻ പോകുന്നു എന്നു നടിക്കുകയൊ ചെയ്യുന്നതു്, ചുരുക്കിപ്പറഞ്ഞാൽ, ക്രിസ്ത്യാനികൾക്കു അയോഗ്യമായ—അക്രൈസ്തവമായ—ഒരു പ്രവൃത്തിയാണ്.

൧൯൨൮ മെയിമാസം ൧൩-ാം

ഫാദർ ബൊനവൻതൂര് സി. ഡി.
വരാപ്പുഴ കർമ്മലീത്താസഭയുടെ
പ്രോവിൻഷ്യൽ വികാരി

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M05 Acc. No. 21510

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M05
VAR-V

21510

വരാപ്പുഴപ്പള്ളിയുടെ
ന്നൂറിൽ വാർഷിക്കി
സ്മാരകം
1923

വരാപ്പുഴപ്പള്ളി.